**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 849** **10-08-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</td><td colspan="2">ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ലൈഫ് ഭവന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പുതിയ അപേക്ഷ നൽകി പദ്ധതിയിൽ ഉൾപ്പെടാൻ സാധിക്കുമോ;</td><td>(എ)</td><td>ലൈഫ് മിഷൻ മുഖേന അപേക്ഷ ക്ഷണിക്കുന്ന സമയത്ത് പുതിയ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>അംബേദ്കർ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ചടച്ചിക്കുണ്ടം, ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് എന്നീ കോളനികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?</td><td>(ബി)</td><td>2017-18 ലെ അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഗ്രാമപഞ്ചായത്തിലെ ചടച്ചിക്കുണ്ടം കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ഇനങ്ങൾ</th><th>പുരോഗതി വിവരം</th></tr>
<tr><td>1</td><td>ഭവന നവീകരണം (9 എണ്ണം)</td><td>80% പൂർത്തീകരിച്ചു</td></tr>
<tr><td>2</td><td>ഭവനനിർമ്മാണം</td><td>2 എണ്ണം 95% പൂർത്തീകരിച്ചു. ഒരെണ്ണം 75% പൂർത്തീകരിച്ചു (മേൽക്കൂര)</td></tr>
<tr><td>3</td><td>കുടിവെള്ള വിതരണം</td><td>പ്രവൃത്തി ആരംഭിച്ചിട്ടില്ല</td></tr>
<tr><td>4</td><td>പഠനമുറി</td><td>പ്രവൃത്തി ആരംഭിച്ചിട്ടില്ല</td></tr>
<tr><td>5</td><td>ടോയ്‌ലറ്റ്</td><td>പ്രവൃത്തി ആരംഭിച്ചിട്ടില്ല</td></tr>
</table>
2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ പന്നിയോട് ചെന്നപ്പൊയിൽ കോളനിയിൽ നടപ്പാക്കുന്ന ഒരു കോടി രൂപയുടെ പദ്ധതി സംബന്ധിച്ച ഡി.പി.ആർ ജില്ലാ തല പട്ടികജാതി പട്ടികവർഗ്ഗ ഏകോപന സമിതി യോഗം അംഗീകരിച്ചിട്ടുണ്ട്. ആയത്</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രകാരം പ്രവൃത്തികൾ ആരംഭിക്കുന്നതിന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ